**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3664</u>** **<u>09-10-2025 - ൽ മറുപടിയ്ക്ക്</u>**

**<u>കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിലെ നെൽക്കൃഷി പ്രോത്സാഹനം</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. മോൻസ് ജോസഫ്</td><td colspan="2">ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിലെ നെൽക്കൃഷി പ്രോത്സാഹനത്തിനായി സംസ്ഥാന സർക്കാർ 2025–26 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ മൊത്തം തുക എത്രയാണ്;</td><td>(എ)</td><td>കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിലെ നെൽക്കൃഷി പ്രോത്സാഹനത്തിനായി സംസ്ഥാന സർക്കാർ 2025-26 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ മൊത്തം തുക സംബന്ധിച്ച വിവരം അനുബന്ധം-1 ആയി ചേർക്കുന്നു.</td></tr>
<tr><td>(ബി)</td><td>2025–26 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയിൽ ഇതുവരെ യഥാർത്ഥമായി ചെലവഴിച്ചതും വിതരണം ചെയ്തതും നെല്ല് സംഭരണത്തിനായി പ്രത്യേകിച്ച് മാറ്റിവച്ചതും ചെലവഴിച്ചതും എത്ര തുകയാണെന്ന് വിശദമാക്കാമോ;</td><td>(ബി)</td><td>2025-26 സാമ്പത്തിക വർഷത്തിൽ നെൽക്കൃഷിക്കായി ഇതുവരെ യഥാർത്ഥമായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ജില്ല</th><th>തുക<br>(ലക്ഷം രൂപയിൽ)</th></tr>
<tr><td>പത്തനംതിട്ട</td><td>43.73455</td></tr>
<tr><td>ആലപ്പുഴ</td><td>1031.08835</td></tr>
<tr><td>കോട്ടയം</td><td>322.000</td></tr>
<tr><td>ആകെ</td><td>1396.823</td></tr>
</table>
2025-26 സാമ്പത്തിക വർഷത്തിൽ നെല്ല് സംഭരണത്തിനായി ബഡ്ജറ്റിൽ 606 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ കഴിഞ്ഞ സീസണിലെ നെല്ല് സംഭരണ വില ഉൾപ്പടെ 530 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>2021-ൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ കുട്ടനാട് മേഖലയിലെ കർഷകർക്ക് ലഭിക്കാനുള്ള കുടിശിക എത്രയാണെന്ന് വിശദമാക്കാമോ;</td><td>(സി)</td><td>ആലപ്പുഴ ജില്ലയിൽ 2022-23 സാമ്പത്തിക വർഷം അധികം കുമ്മായം വിതരണം ചെയ്ത വകയിൽ വിവിധ കുമ്മായ ഏജൻസികൾക്ക് നൽകാനുള്ള 1,48,09,553 രൂപ 2025-26 സാമ്പത്തികവർഷം തുകമാറി നൽകുന്നതിന് 29-9-2025ലെ സ.ഉ.(സാധാ) നം. 947/2025/കൃഷി നമ്പർ ഉത്തരവ് പ്രകാരം കൃഷി ഡയറക്ടർക്ക് അനുമതി നല്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ 2022-23 സാമ്പത്തിക വർഷം അധികം വിതരണം ചെയ്ത വകയിൽ നെൽവിത്തിനുള്ള</td></tr>
</table>

